**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 220** **10-06-2024 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി താലൂക്ക് ആശുപത്രി നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി താലൂക്ക് ഹോസ്പിറ്റലിന്റെ നിർമ്മാണ പ്രവൃത്തി ഇതുവരെയും ആരംഭിക്കാനായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 23.01.2020 തീയതിയിലെ സ.ഉ (സാധാ) നം.175/2020/ആകുവ പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി 12.10.2020 ൽ കൂടിയ കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം അംഗീകാരം നൽകുകയും തുടർന്ന് 28.10.2020 ൽ 23.769 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നുവെങ്കിലും പ്രസ്തുത ധനാനുമതി പരിധി ഉയർത്തുന്നതിനായി നിർവ്വഹണ ഏജൻസിയായ വാപ്കോസ് സമർപ്പിച്ച ശിപാർശ കിഫ്ബി പരിശോധിക്കുകയും ജി.ആർ.ഐ.എച്ച്.എ.(ഗ്രീൻ റേറ്റിംഗ് ഫോർ ഇന്റഗ്രേറ്റഡ് ഹാബിറ്റേറ്റ് അസ്സസ്സ്മെന്റ്) യുടെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടുള്ള ശിപാർശ സമർപ്പിക്കാൻ കിഫ്ബി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അത്തരത്തിലുള്ള ശിപാർശ എസ്.പി.വി തലത്തിൽ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. കിഫ്ബിയിൽ നിന്നും പുതുക്കിയ ധനാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കിഫ്ബിയുടെ സാമ്പത്തിക അംഗീകാരം തത്വത്തിൽ ലഭിച്ചിട്ടും ജി.ആർ.ഐ.എച്ച്.എ.( ഗ്രീൻ റേറ്റിംഗ് ഫോർ ഇന്റഗ്രേറ്റഡ് ഹാബിറ്റേറ്റ് അസ്സസ്സ്മെന്റ് )യുടെ നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ പദ്ധതിയുടെ എസ്.പി.വി.(സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)യായ മാപ്കോസിന് കഴിയാത്തത് കാരണമാണ് പ്രസ്തുത ആശുപത്രിയുടെ പ്രവൃത്തി ആരംഭിക്കാനാവാത്തതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 23.01.2020 തീയതിയിലെ സ.ഉ (സാധാ) നം.175/2020/ആകുവ പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി 12.10.2020 ൽ കൂടിയ കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം അംഗീകാരം നൽകുകയും തുടർന്ന് 28.10.2020 ൽ 23.769 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നുവെങ്കിലും പ്രസ്തുത ധനാനുമതി പരിധി ഉയർത്തുന്നതിനായി നിർവ്വഹണ ഏജൻസിയായ വാപ്കോസ് സമർപ്പിച്ച ശിപാർശ കിഫ്ബി പരിശോധിക്കുകയും ജി.ആർ.ഐ.എച്ച്.എ.(ഗ്രീൻ |

| | | | |
|---|---|---|---|
| | | | റേറ്റിംഗ് ഫോർ ഇന്റഗ്രേറ്റഡ് ഹാബിറ്റേറ്റ് അസ്സസ്സ്മെന്റ്) യുടെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടുള്ള ശിപാർശ സമർപ്പിക്കാൻ കിഫ്ബി ആവശ്യപ്പെട്ടുകയും ചെയ്തിട്ടുണ്ട്. അത്തരത്തിലുള്ള ശിപാർശ എസ്.പി.വി തലത്തിൽ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. കിഫ്ബിയിൽ നിന്നും പുതുക്കിയ ധനാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ